(ഡി) മത്സ്യഫെഡിന് 11.78 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. സഹകരണ വകുപ്പിന് 2010-11 വർഷത്തിൽ 44.37 കോടി രൂപ ആദ്യഗഡുവായും 2011-12 വർഷത്തിൽ 49.7 കോടി രൂപ രണ്ടാം ഗഡുവായും അനുവദിച്ചുനൽകി.

(ഇ) കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 66,363 പേർക്കാണ് കടാശ്വാസം നൽകേണ്ടത്. ഇതിൽ മത്സ്യഫെഡ് മുഖേന 9740 ഗുണഭോക്താക്കൾക്കും സഹകരണ വകുപ്പുമുഖേന 38304 ഗുണഭോക്താക്കൾക്കും കടാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനി നാഷണലൈസ്ഡ് ബാങ്ക് ഉൾപ്പെടെയുള്ള കടങ്ങളിലായി 18319 പേർക്ക് കടാശ്വാസം അനുവദിച്ച് നൽകേണ്ടതുണ്ട്.

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് 4027 അംഗങ്ങൾക്ക് കടാശ്വാസം നൽകുന്നതിനായി 9.50 കോടി രൂപയുടെ പ്രൊപ്പോസൽ സഹകരണ വകുപ്പ് രജിസ്ട്രാർ 17-11-2014-ലും മത്സ്യഫെഡ് മുഖേന 328 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 83 ലക്ഷം രൂപയുടെ പ്രൊപ്പോസൽ മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് 18-11-2014-ലും, ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തീരദേശ നിയന്ത്രണ നിയമപ്രകാരമുള്ള നിയന്ത്രണങ്ങൾ

148 (149) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശനിയന്ത്രണ നിയമം മത്സ്യത്തൊഴിലാളികൾക്ക് വീണ്ടും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീരദേശ പരിപാലന അതോറിറ്റി നേരത്തെ പുറപ്പെടുവിച്ച സർക്കുലറുകളിൽ മരവിപ്പിക്കപ്പെട്ട ഏതെല്ലാം സർക്കുലറുകളാണ് പുനരുജ്ജീവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തീരദേശനിയന്ത്രണ നിയമം കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തീരദേശമേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ റിസോർട്ടുകൾക്ക് ബാധകമല്ലാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കുലറുകൾ ഒന്നുംതന്നെ മരവിപ്പിച്ചിട്ടില്ല.

(സി) തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അന്തസത്ത, വിജ്ഞാപനത്തെ അധികരിച്ച് തീരദേശമേഖലയിലെ പ്രവർത്തനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങേണ്ടതിന്റെ ആവശ്യകത, അപേക്ഷയോടൊപ്പം നൽകേണ്ട വിശദാംശങ്ങൾ, അപേക്ഷയുടെ രൂപം, നിലവിലുള്ള നിയമങ്ങളുടേയും ബഹു. ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടേയും പരാമർശത്തിന്റെയും അടിസ്ഥാനത്തിൽ സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിക്കാത്തത് അത്യന്തം ഗൗരവതരമായി കാണുമെന്നും, അത്തരം പ്രവർത്തനങ്ങൾക്കെതിരെ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുക എന്നീ കാര്യങ്ങളാണ് സർക്കുലറിൽ പ്രതിപാദിക്കുന്നത്. (സർക്കുലറിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.)*

(ഡി) തീരദേശ പരിപാലന മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുവക്കുന്നതിനുള്ള നിബന്ധനകളെക്കാൾ കർക്കശമായ നിബന്ധനകളാണ് റിസോർട്ട് നിർമ്മാണത്തിന് ബാധകമായിട്ടുള്ളത്. റിസോർട്ടുകൾക്ക് ഈ നിയമങ്ങൾ ബാധകമാകാത്ത പ്രശ്നം ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

149 (150) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനംമൂലം ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു ; ഇതിൽ 2011 മേയ് മാസത്തിനു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly